പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3662** **11.11.2019-ൽ മറുപടിയ്ക്ക്**

## 2019-ലെ തീരദേശ പരിപാലന വിജ്ഞാപനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) 18.01.2019 ലെ ജി.എസ്.ആർ. 37 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപനം പ്രകാരമുള്ള തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; | (എ) ലഭ്യമായിട്ടില്ല. |
| (ബി) ജനവാസയോഗ്യമായ സ്ഥലവിസ്തൃതി കുറവും ജനസാന്ദ്രത കൂടുതലുമുള്ള കൊച്ചിൻ കോർപ്പറേഷൻ പോലുള്ള നഗരസഭകളോട് അടുത്ത് കിടക്കുന്ന ചെല്ലാനം ഗ്രാമപഞ്ചായത്ത് അടക്കമുള്ള തീരദേശപഞ്ചായത്തുകൾക്ക് 2019 ലെ പുതിയ വിജ്ഞാപനത്തിലെ സി.ആർ.സെഡ് III എ മേഖലയുടെ ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിച്ച 03.07.2019 ലെ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | (ബി) 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ സ.ഉ(സാധാ) നം.80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ 03.07.2019 ലെ കത്തിലെ ആവശ്യം കൂടി പരിഗണിക്കുന്നതിലേയ്ക്കായി കത്തിന്റെ പകർപ്പ് ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് ഫയൽ നമ്പർ 133/139/19 ൽ കേരള തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) ലഭ്യമായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനന്തരനടപടി



Enc 6

# കേരള തീരദേശ പരിപാലന അതോറിറ്റി

## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കാര്യാലയം

നാലാം നില, കെ. എസ്. ആർ. ടി.സി ബസ് ടെർമിനൽ,തമ്പാനൂർ, തിരുവനന്തപുരം 695 001
ഫോൺ - +914712339696(ഓഫീസ്)

നം : 1408/എ2/2019/KCZMA തീയതി: 29.08.2019

പ്രേക്ഷിതൻ

ഡയറക്ടർ
പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്

സ്വീകർത്താവ്,

പ്രിൻസിപ്പൽ സെക്രട്ടറി
പരിസ്ഥിതി (ബി) വകുപ്പ്

സർ,

വിഷയം:-KCZMA- ചെല്ലാനം ഗ്രാമ പഞ്ചായത്തിന് സി.ആർ. ഇസഡ് III A മേഖലയുടെ ആനുകൂല്യം-സംബന്ധിച്ച്

സൂചന:- 1.അങ്ങയുടെ 20.07.2019 തീയതിലെ ബി3/139/19/പരി നം. കത്ത്
2. 17.08.2019----ലെ 1408/എ2/2019/KCZMA നം കത്ത്
2. G.O(Rt) No.80/2019/ENVT dated 20.08.2019

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം 2019-ലെ CRZ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കാൻ സർക്കാർ തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2019-ലെ CRZ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ പരിഗണിയ്ക്കുന്നതിലേയ്ക്കായി ശ്രീ. ജോർജ് ഫെർണാണ്ടസിന്റെ അപേക്ഷ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിനു സൂചന രണ്ട് പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു

വിശ്വസ്തതയോടെ,

ഡയറക്ടർ,
പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്

KERALA COASTAL ZONE MANAGEMENT AUTHORITY

സെക്ഷൻ ഓഫീസർ